SMART CITIES MISSION
Ministry of Housing and Urban Affairs, Government of India

**SMART CITY THIRUVANANTHAPURAM LIMITED**

---

SCTL/TECH/1288/2020/AM-C/ 19.01.2024

തിരുവനന്തപുരം ജില്ലയിലെ പാളയം മാർക്കറ്റ് MLCP സൈറ്റുകളിൽ നിൽക്കുന്ന 4 മരങ്ങളും, വേര് ഉൾപ്പെടെ മുറിച്ചു കൊണ്ടുപോകുന്നതിന് ദർഘാസ് ക്ഷണിക്കുന്നു

| | | |
|---|---|---|
| 1. | മരത്തിന്റെ ഉദ്ദേശ വില (എല്ലാ നികുതി ഉൾപ്പടെ) | Rs.43,374 |
| 2. | നീക്കം ചെയ്യുന്നതിനുള്ള സമയപരിധി | 3 ദിവസം |
| 3. | ക്വട്ടേഷൻ ഫോറത്തിൻറെ ലഭ്യത | 19.01.2024 ,12:00 hrs to 24.01.2024, 12:00 hrs |
| 4. | ക്വട്ടേഷൻ ഫോറം സമർപ്പിക്കേണ്ട അവസാന തിയ്യതിയും സമയവും | 24.01.2024 ,12:00 hrs |
| 5. | ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം | സ്മാർട്ട് സിറ്റി തിരുവനന്തപുരം |
| 6. | ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | 24.01.2024 ,13:00 hrs |

കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും സ്മാർട്ട് സിറ്റി ഓഫീസുമായി ബന്ധപ്പെടുക

SMART CITY THIRUVANANTHAPURAM LIMITED ★ THIRUVANANTHAPURAM ★

Sd/-

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

## കൊട്ടേഷൻ സമർപ്പിക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ

1. സ്മാർട്ട് സിറ്റി ലിമിറ്റഡിൻറെ വെബ്സ്റ്റിൽ നിന്നും കൊട്ടേഷൻ ഫോം ലഭിക്കുന്നതാണ്.

2. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് പ്രവൃത്തി ദിവസങ്ങളിൽ 10.00 മണി മുതൽ 5.00 മണി വരെ സ്മാർട്ട് സിറ്റി ഓഫീസിൽ 0471-4010374 ബന്ധപ്പെടാവുന്നതാണ്.

3. കൊട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്രൈസ് ബിഡ് പൂരിപ്പിച്ച് ഒപ്പിട്ട് ഫോട്ടോ തിരിച്ചറിയൽ കാർഡിൻറെ കോപ്പിയും ചേർത്ത് മുദ്രവെച്ച കവറിൽ നിർദിഷ്ട സമയത്തിന് മുമ്പായി സ്മാർട്ട് സിറ്റി ഓഫീസിൽ സമർപ്പിക്കേതാണ്. "Quotation for cutting and sale of trees at Palayam Market and MLCP sites" and do not open before 19.01.2024 at 11 am"

4. മുദ്രവച്ച കൊട്ടേഷനുകൾ 24.01.2024 at 5pm വരെ സ്മാർട്ട് സിറ്റി.-യുടെ ഓഫീസിൽ സ്വീകരിക്കുന്നതാണ്.

5. നിബന്ധനകൾ പാലിക്കാത്തതും നിർദ്ദിഷ്ട ദിവസത്തിനും സമയത്തിനും ലഭിക്കുന്നതും. പൂർണ്ണമല്ലാത്തതുമായ കൊട്ടേഷനുകൾ യാതൊരു കാരണവും പറയാതെ തള്ളിക്കളയുന്നതാണ്

6. Quote ചെയുന്ന തുക മറ്റ് എല്ലാ നികുതികളും ഉൾപ്പെടെ ആയിരിക്കണം.

7. സ്മാർട്ട് സിറ്റി ഓഫീസിൽ വച്ച് നിർദ്ദിഷ്ട ദിവസത്തിലും, സമയത്തും മുദ്ര വച്ച കവറി ലുള്ള പൂരിപ്പിച്ച കൊട്ടേഷനുകൾ തുറക്കുന്നതായിരിക്കും. മേൽ തീയതി എന്തെങ്കിലും വിധ ത്തിൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം കൊട്ടേഷനുകൾ കുറക്കുന്നതായിരി ക്കും. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആളെയായിരിക്കും വിജയി ആയി കണ ക്കാക്കുക.

8. വിജയിക്കുന്നയാൾ ടെണ്ടർ തുകയും മേൽത്തുകയുടെ 10% അധിക തുകയും മേൽ നടപടി കൾ പൂർത്തീകരിച്ച് നിർദ്ദേശിക്കുന്നതനുസരിച്ച് അടക്കേണ്ടതാണ്. 10% അധികത്തുക പദ്ധതി സ്ഥലത്തുനിന്നും സമയപരിധിക്കുള്ളിൽ മരങ്ങൾ മുറിച്ചു നീക്കിയ ശേഷം തിരികെ നൽകുന്നതാണ്. മരങ്ങൾ സമയപരിധിക്കുള്ളിൽ മുറിച്ചു നീക്കം ചെയ്തില്ലെങ്കിൽ അതിനു ശേഷമുള്ള ഓരോ ദിവസത്തിനും മേൽത്തുകയുടെ 10% വച്ച് കുറവ് ചെയ്യുന്നതും അത് പരമാവധി 5 ദിവസം മാത്രമായിരിക്കുകയും ചെയ്യും. മേൽ പറഞ്ഞ പരമാവധി ദിവസം ആകുമ്പോൾ ബാക്കി തുക കണ്ടുകെട്ടുന്നതും മേൽ പ്രവൃത്തി വേറൊരു ഏജൻസിയെ ക്കൊണ്ട് നടപ്പിലാക്കുക.

9. പൂർണ്ണമായ അടങ്കൽത്തുകയും 10% അധികത്തുകയും അടക്കുന്നതനോടെ അപ്പോൾ മുതൽ മേൽ മരങ്ങളുടെ ഉടമസ്ഥാവകാശവും സംരക്ഷണ ചുമതലയും കരാറുകാരനിൽ നിക്ഷിപ്തമാകുന്നതാണ്. അഗ്നിബാധ, കാറ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും അപ്രതീക്ഷിത ദുര ന്തങ്ങൾ ഉണ്ടായാലും അതിൻമേൽ യാതൊരുവിധ ഉത്തരവാദിത്തങ്ങളും സ്മാർട്ട് സിറ്റി

ഏറ്റെടുക്കുന്നതല്ല. കരാറുകാരൻ മേൽത്തുകയിൽ യാതൊരുവിധ അവകാശങ്ങളും ഉന്നയി ക്കാൻ പാടില്ലാത്തതുമാകുന്നു.

10. കരാർ ഉറപ്പിച്ച് 5 പരിസരവാസികൾക്കോ മുറിക്കേണ്ടതാണ്. ദിവസത്തിനകം യാതൊരുവിധ മരം സ്മാർട്ട് സിറ്റി ലിമിറ്റഡിനോ നാശനഷ്ടങ്ങളും ഉണ്ടാക്കാതെ

11. മേൽ പ്രവർത്തിക്കുവേണ്ടി കരാറുകാരൻ നിയമിക്കുന്ന തൊഴിലാളികളുടെയും, ഇതുമായി ബനധപ്പെട്ട് പ്രവർത്തിക്കുന്ന കരാറുകാരൻ ഉൾപ്പെടെയുള്ളവരുടെയും സുരക്ഷയും വേതനവും, ഇഎസ്ഐ, പിഎഫ് തുടങ്ങിയ നിയമാനുസൃത അടവുകളും പൂർണമായും കരാറുകാരന്റെ ചുമതലയാണ്. അപകട നഷ്ട പരിഹാരം വ്യവഹാര ചിലവുകൾ തുടങ്ങി സ്മാർട്ട് സിറ്റിയ്ക്ക് എന്തെങ്കിലും ചിലവുകൾ പ്രവർത്തിയുമായി നൽകേണ്ടതാണ്. ബന്ധപ്പെട്ട് ഉണ്ടായാൽ കരാറുകാരൻ അവ മടക്കി

12 മരം മുറിക്കുന്ന സന്ദർഭത്തിൽ, റോഡ് യാത്രക്കാരുടെയും വാഹനങ്ങളുടെയും സുരക്ഷയ്ക്ക് വേണ്ടിയുള്ള മുൻകരുതൽ നടപടികളും കൈക്കൊള്ളുന്നയാൾ സ്വന്തം ചിലവിൽ നിർവ്ക്യ്യഹിക്കേണ്ടതാണ്. എല്ലാ

13. മരം മുറിക്കുന്നതിനായി വൈദ്യുതി ലൈൻ അല്ലെങ്കിൽ മറ്റെതെങ്കിലും സർവീസ് ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ നീക്കം ചെയ്യുകയോ വേണ്ടിവന്നാൽ അത് കരാറുകാരന്റെ ചെലവിലും ഉത്തരവാദിത്വത്തിലും ചെയ്യേണ്ടതാണ്. ഏറിലും നാശനഷ് കേടുപാട് തീർക്കലോ നാൽ പ്രവൃത്തിമൂലം ആവശ്യമായി അതിനുള്ള ചെലവ് കരാറുകാരൻ വഹിക്കേണ്ടതായിരിക്കും. വന്നാൽ

14. കാരണമൊന്നും കാണിയ്ക്കാതെ ക്വട്ടേഷനുകൾ ഏതെങ്കിലുമോ എല്ലാം തന്നെയോ തള്ളിക്കളയുന്നതിന് സ്മാർട്ട് സിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിക്കുന്നതിന് ബിഡ്ഡർക്ക് ബാധ്യത ഉണ്ടായിരിക്കുന്നതും അതിനുള്ള സമ്മതം എന്ന നിലയി വിഡ്ഡർ ഈ നൻ ഫോമിൻറെ എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമായിരിക്കും.

(പേര്, മേൽ വിലാസം, ടെലഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം :

തീയതി :

# SMART CITY THIRUVANANTHAPURAM LIMITED

| ക്രമ സംഖ്യ | വിവരണം | നിരക്ക് (രൂപയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം ജില്ലയിലെ പാളയം മാർക്കറ്റ്, MLCP സൈറ്റുകളിൽ നിൽക്കുന്ന 4 മരങ്ങളും, വേര് ഉൾപ്പെട മുറിച്ചു കൊണ്ടുപോകുന്നതിന് സ്മാർട്ട് സിറ്റിയിൽ നൽകുന്ന ക്വട്ടേഷൻ തുക (എല്ലാ നികുതിയും ഉൾപ്പെടെ) | |
| | | |

അക്ഷരത്തിൽ..........................................................................രൂപ

(കരാറുകാരന്റെ ഒപ്പ്)

(പൂർണ്ണപേരും വിലാസവും ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:

തീയ്യതി: